**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3846** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത ക്ഷീരകർഷകർക്കുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പ്രസവത്തോടനുബന്ധിച്ചോ മറ്റു രോഗങ്ങളാലോ കന്നുകാലികൾക്ക് മരണം സംഭവിക്കാനിടയായാൽ ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതിനാൽ മറ്റൊരു പശുവിനെ വാങ്ങാൻ കഴിയാതെ ദുരിതം അനുഭവിക്കുന്ന ക്ഷീര കർഷകരുടെ പ്രയാസങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; അറിയിക്കാമോ; | (എ) | പ്രസവത്തോടനുബന്ധിച്ചോ മറ്റ് രോഗങ്ങളാലോ കന്നുകാലികൾക്ക് മരണം സംഭവിക്കാനിടയായാൽ ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്തതിനാൽ മറ്റൊരു പശുവിനെ വാങ്ങാൻ കഴിയാതെ ദുരിതം അനുഭവിക്കുന്ന ക്ഷീര കർഷകരുടെ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം അടിയന്തര സാഹചര്യങ്ങളിൽ ക്ഷീരകർഷകർക്ക് ധനസഹായം നൽകി സഹായിക്കുന്നതിനായി കണ്ടിജൻസി ഫണ്ട് പദ്ധതി ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. |
| (ബി) | കന്നുകാലി ഉടമകളായ ഇത്തരം കർഷകർക്ക് മൃഗസംരക്ഷണവകുപ്പിന്റെ 1374/2014 നമ്പർ ഉത്തരവ് പ്രകാരമുള്ള ധനസഹായത്തിന് അർഹതയുണ്ടോ; വിശദാംശം നൽകാമോ ; | (ബി) | ഇല്ല. 04/08/2014 തീയതിയിലെ സ. ഉ. (സാധാ) നം. 1374/14കൃഷി- യിലെ നിലവിലെ വ്യവസ്ഥകൾ പ്രകാരം പ്രസവത്തോടനുബന്ധിച്ചോ മറ്റ് രോഗങ്ങളാലോ ജീവഹാനി സംഭവിക്കുന്ന ഇൻഷ്വറൻസ് പരിരക്ഷ ഇല്ലാത്ത കന്നുകാലികളുടെ ഉടമകൾക്ക് നഷ്ടപരിഹാരം ലഭിക്കുകയില്ല. |
| (സി) | ഇല്ലെങ്കിൽ പ്രയാസങ്ങൾ കണക്കിലെടുത്തത് പ്രസ്തുത കന്നുകാലി ഉടമകൾക്കും ക്ഷീര കർഷകരുടെ ഗണത്തിൽ പെടുത്തി മൃഗസംരക്ഷണവകുപ്പിന്റെ കണ്ടിജൻസി ഫണ്ടിൽ നിന്നുമുള്ള ധനസഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | മൃഗസംരക്ഷണ വകുപ്പിന്റെ കണ്ടിജൻസി ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുവാനുള്ള നടപടി നിലവിലില്ല. എന്നാൽ ക്ഷീരവികസന വകുപ്പിന്റെ പ്രധാന പദ്ധതികളിലൊന്നായ റൂറൽ ഡെയറി എക്സ്റ്റൻഷൻ ആന്റ് അഡ്വൈസറി സർവ്വീസസിന്റെ ഘടകപദ്ധതിയായ കണ്ടിജൻസി ഫണ്ട് പദ്ധതിയിൽ നിന്നും അപ്രതീക്ഷിതമായി ഉണ്ടാകുന്ന അത്യാഹിതങ്ങളിൽപ്പെട്ട് പശു നഷ്ടപ്പെട്ട ക്ഷീരകർഷകർക്ക് ധനസഹായം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ